

എസ്. ഹരികിഷോർ ഐ.എ.എസ്

# 'ജീവനം' കുടുംബാംഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ

മൈക്രോ സംരംഭങ്ങളുടെ വർഷമായി 2017 ആചരിക്കാൻ കുടുംബശ്രീ തീരുമാനിച്ച കാര്യം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ജൂലൈ മാസത്തോടെ മൈക്രോ സംരംഭങ്ങൾക്ക് പുതുജീവൻ വയ്ക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടത്താനും ഉദ്ദേശിക്കുന്നു. പ്രാദേശിക സാമ്പത്തിക വികസനം നടപ്പാക്കാനും പുതിയ തൊഴിൽ മേഖലകളിലേക്ക് കുടുംബാംഗങ്ങളെ നയിച്ച് കൂടുതൽ വരുമാനം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സംരംഭങ്ങൾ വഴി സാധിക്കുന്നു.

30000 ൽപരം സൂക്ഷ്മസംരംഭങ്ങളാണ് കുടുംബശ്രീ വനിതകളുടേതായിട്ടുള്ളത്. ഈ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനും വിപണനം മെച്ചപ്പെടുത്താനുമൊക്കെയാണ് 'ജീവനം' കാമ്പെയ്ൻ ആസൂത്രണം ചെയ്യുന്നത്. നിലവിലുള്ള സംരംഭങ്ങളുടെ വികസനവും കൂടുതൽ വരുമാനം ലഭിക്കുന്നതിനായി പ്രവർത്തനം ചിട്ടപ്പെടുത്തലും ആവശ്യമായ വിപുലീകരണം സാധ്യമാക്കലുമാണ് 'ജീവന'ത്തിന്റെ ഒരു പ്രധാന ഘടകം. ആദ്യഘട്ടത്തിൽ നിലവിലെ സംരംഭങ്ങളുടെ സമഗ്രമായ സർവേയാണ് നടത്തുക. ആഗസ്റ്റ് മാസത്തോടെ സർവേ പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു. ഇതിനുശേഷം ഓരോ സംരംഭമേഖലയും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യും. സംസ്ഥാനമിഷനിലെ പ്രോഗ്രാം മാനേജർമാർക്ക് ഓരോ മേഖലയിലുമുള്ള ചാർജ് നൽകിക്കൊണ്ട് 30 മേഖലകളിൽ നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ട് അവ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ നിലവിലുള്ള സംരംഭങ്ങൾക്ക് പുതുജീവൻ നൽകാൻ ആവശ്യമായ പരിശീലനങ്ങളും ധനസഹായവും നൽകാൻ പദ്ധതിയുണ്ട്.

നിലവിലെ സംരംഭങ്ങൾ വികസിപ്പിക്കാൻ വേണ്ടി സംരംഭകർക്ക് സി.ഡി.എസിൽ നിന്നും ലോൺ എടുക്കാൻ വേണ്ടി 20 കോടി രൂപ ലൈവ്‌ലിഹുഡ് ഫണ്ടായി സി.ഡി.എസുകൾക്ക് നൽകും. ഇതുകൂടാതെ ആവശ്യമായ സംരംഭങ്ങൾക്ക് ടെക്നോളജി ഫണ്ട്(പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപാദനം നടത്തുന്നതിന്), ടെക്നോളജി അപഗ്രേഡേഷൻ ഫണ്ട്( നിലവിലെ സാങ്കേതികവിദ്യ നവീകരിക്കുന്നതിന്), സെക്കൻഡ് ഡോസ് അസിസ്റ്റൻസ്( കൂടുതൽ മുടക്കുമുതൽ ആവശ്യമെങ്കിൽ ലഭിക്കുന്ന സഹായം), ഇന്നവേഷൻ ഫണ്ട്(നൂതന ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള സഹായം) എന്നിവയും നൽകാൻ തുക വകയിരുത്തിയിട്ടുണ്ട്. എല്ലാ



വായ്പകൾക്കും പലിശയിളവു നൽകി നാലു ശതമാനം പലിശയ്ക്ക് ലഭ്യമാക്കാനും 'ജീവന'ത്തിന്റെ ഭാഗമായി നടപടി കൈക്കൊള്ളും.

പുതുതായി 3000 ൽ അധികം സംരംഭങ്ങൾ തുടങ്ങാൻ വേണ്ട നടപടികൾ 'ജീവന'ത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യമാണ്. ഗ്രാമീണമേഖലയിൽ ഒരു പഞ്ചായത്തിൽ ഒരു വ്യക്തിഗത സംരംഭവും ഒരു ഗ്രൂപ്പ് സംരംഭവും തുടങ്ങും. നഗരങ്ങളിൽ ഓരോ നഗരസഭയിലും എട്ടു വ്യക്തിഗത സംരംഭങ്ങളും മൂന്നു ഗ്രൂപ്പ് സംരംഭങ്ങളും തുടങ്ങും. ഇതുകൂടാതെ മത്സ്യബന്ധനമേഖലയിൽ ഓരോ പഞ്ചായത്തിലും പത്ത് സംരംഭങ്ങൾ വീതം അധികമായി തുടങ്ങണം. ഈ സംരംഭങ്ങൾ തുടങ്ങാൻ വേണ്ടി 10000 ൽ അധികം താൽപര്യമുള്ള കുടുംബശ്രീ അംഗങ്ങൾക്ക് പൊതുവായ പരിശീലനവും (ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്ങ്) ഇതിൽ നിന്നും സംരംഭം തുടങ്ങാൻ മുന്നോട്ടു വരുന്നവർക്ക് സ്കിൽ പരിശീലനവും നൽകി സംരംഭം തുടങ്ങുകയാണ് ലക്ഷ്യം.

സ്കിൽ പരിശീലനം നൽകാനായി വിവിധ ഏജൻസികളെ എംപാനൽ ചെയ്യുന്ന പ്രവർത്തനവും ആഗസ്റ്റ് അവസാനത്തോടെ നടത്താനാണ് ഉദ്ദേശിക്കുന്നത്. പുതിയ എംപാനലിങ്ങ് വരുമ്പോൾ വൈവിധ്യവും നൂതനവുമായ മേഖലകളിൽ പരിശീലനം നൽകാനുള്ള പ്രാഗൽഭ്യം കുടുംബശ്രീ മിഷന് കൈവരുമെന്നും കരുതുന്നു. ഇതിനാൽ മുകളിൽ സൂചിപ്പിച്ച സംരംഭങ്ങൾ കൂടാതെ 140 നവീന ആശയങ്ങൾ ഉള്ള സംരംഭങ്ങളും (ഓരോ ജില്ലയിലും 10 വീതം) നടത്താനും'ജീവനം' പദ്ധതിയിൽ ലക്ഷ്യമിടുന്നു.

മാർക്കറ്റിങ്ങ് മെച്ചപ്പെടുത്താനും കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്താനും 'ജീവനം' കാമ്പെയ്നു സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഓരോ നഗരത്തിലും കുടുംബശ്രീയുടെ വിപണനകേന്ദ്രങ്ങൾ തുടങ്ങാനും ഓരോ ജില്ലയിലും കുടുംബശ്രീ സൂപ്പർമാർക്കറ്റുകൾ തുടങ്ങാനും മാസച്ചന്തകൾ മെച്ചപ്പെടുത്താനും സ്ഥിരം സംവിധാനമൊരുക്കാനും സി.ഡി.എസുകൾക്ക് ധനസഹായം നൽകാനും എല്ലാ ജില്ലയിലും ഹോംഷോപ്പുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നുണ്ട്. ഇതുകൂടാതെ തിരഞ്ഞെടുത്ത ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് ഓൺലൈൻ ഉൾപ്പെടെയുള്ള മാർക്കറ്റിങ്ങ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതും 'ജീവന'ത്തിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു. തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഹാൻഡിക്രാഫ്റ്റ് ഷോറൂമുകൾ തുടങ്ങാനും 'സുഭിക്ഷ'യും (കോഴിക്കോട് ജില്ല), 'മാരി'(ആലപ്പുഴ ജില്ല), പോലുള്ള മാർക്കറ്റിങ്ങ് സംവിധാനം പുതുതായി തുടങ്ങാനും ലക്ഷ്യമിടുന്നു.

മൈക്രോ സംരംഭങ്ങൾക്ക് പുതിയ ജീവൻ നൽകാൻ ലക്ഷ്യമിടുന്ന 'ജീവനം' പദ്ധതി 2017 ആഗസ്റ്റ് മാസം മുതൽ നടപ്പാക്കാൻ വേണ്ടിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പുതിയ സംരംഭങ്ങൾ തുടങ്ങുക, പഴയ സംരംഭങ്ങൾക്ക് ഉണർവ് നൽകുക, മാർക്കറ്റിങ്ങ് മെച്ചപ്പെടുത്തുക, മതിയായ ധനസഹായം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുക, കൂടുതൽ കളക്ടീവ്സും പ്രൊഡ്യൂസർ കമ്പനികളും ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങൾ നേടാൻ വേണ്ട നയപരമായ തീരുമാനങ്ങൾ എടുക്കാനും സംരംഭങ്ങൾക്കു സഹായകമാകുന്ന പുതിയ ഉത്തരവുകൾ ലഭ്യമാക്കാനും 'ജീവന'ത്തിൽ ലക്ഷ്യമിടുന്നു. കുടുംബശ്രീ അനിമൽ ബെർത്ത് കൺട്രോൾ യൂണിറ്റുകളെ അനിമൽ ബെർത്ത് കൺട്രോൾ നടത്താനുള്ള ഏജൻസിയായി സർക്കാർ തീരുമാനം ലഭിച്ചതും സംരംഭങ്ങൾക്കുള്ള വായ്പാ തുക രണ്ടര ലക്ഷം രൂപയിൽ നിന്നും പത്തു ലക്ഷമാക്കി ഉയർത്തിയതും കുടുംബശ്രീ ടെയ്‌ലറിങ്ങ് യൂണിറ്റുകൾക്ക് ടെണ്ടറില്ലാതെ വർക്ക് ഓർഡറുകൾ നൽകാൻ പഞ്ചായത്തുകൾക്കും സർക്കാർ വകുപ്പുകൾക്കും അനുമതി ലഭ്യമാക്കാനും നാപ്കിൻ യൂണിറ്റുകൾക്ക് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) നിന്നും സപ്ളൈ ഓർഡർ ലഭിച്ചതും ടെയ്‌ലറിങ്ങ് യൂണിറ്റുകൾക്ക് ലോട്ടറി വകുപ്പിൽ നിന്നും സാമൂഹ്യനീതി വകുപ്പിൽ നിന്നും വർക്ക് ഓർഡർ ലഭിച്ചതും ഇതിന്റെ ഭാഗമാണ്.

'ജീവനം' വിജയിപ്പിക്കാനും 'ജീവന'ത്തിലൂടെ സംരംഭകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കാനും നമുക്കൊരുമിച്ച് ശ്രമിക്കാം.